വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി പദ്ധതികൾ ആസൂത്രണം ചെയ്ത് ഫലപ്രദമായ രീതിയിൽ നടപ്പിലാക്കി വരുന്നുണ്ട്.

(സി) പട്ടികവർഗ്ഗ ഊരുകൾ വനത്തിലുള്ളിൽ ദുർഘടമായ സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. ഇക്കാരണത്താൽ വനത്തിൽക്കൂടിയുള്ള റോഡ് നിർമ്മാണം സാദ്ധ്യമല്ല. ഈ സാഹചര്യത്തിൽ വനത്തിനുള്ളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് സൗജന്യമായി ഗോത്രസാരഥി പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. 2014-15 സാമ്പത്തിക വർഷം നാല് കോടി രൂപ ടി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം നാല് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് തുടർപഠനം നടത്തുന്നതിന് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും പ്രവേശിപ്പിച്ച് വരുന്നുണ്ട്.

## പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിന് നടപടി

**16 (*46)** ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എളമരം കരീം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ബി) പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് വ്യക്തമായി പഠനംനടത്തി പരിഹാര നടപടികൾ കണ്ടെത്താത്തതാണ് അവയുടെ തകർച്ചയ്ക്ക് കാരണമെന്ന പരാതിയിൽ നിലപാട് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചമൂലം ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും കുടുംബങ്ങൾക്കും ഉണ്ടായ ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ, റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി. വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാണ് ഊന്നൽ നൽകുന്നത്. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും സബ്സിഡികൾ നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലക്ക് യഥാ സമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തുവരുന്നു. ഈ നടപടികളുടെ ഫലമായി കൈത്തറി മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും ഉൽപ്പാദനം വർദ്ധിക്കുകയും ഉൽപ്പന്നങ്ങൾക്കുള്ള ഡിമാന്റ് വർദ്ധിക്കുകയും വിപണി വളരെയധികം വർദ്ധിപ്പിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസിക്ക് രൂപം നൽകുകയും കശുമാവ് കൃഷി വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകിവരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് കശുവണ്ടി ഫാക്ടറികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനും പ്രസ്തുത സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

പരമ്പരാഗത വ്യവസായമായ കയർമേഖലയിൽ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനായി കയർഫെഡിന് ധനസഹായം അനുവദിച്ചു തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നാളികേര വികസന ബോർഡു മായുള്ള ഒരു പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. കയർ സഹകരണ സംഘ ങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനമുൾപ്പെടെയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. കയർ പിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർമേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ സ്ഥാപിക്കുവാനും ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡ്വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10 ശതമാനം റിബേറ്റും ഉത്സവ കാലങ്ങളിൽ 10 ശതമാനം അധിക റിബേറ്റും നൽകിവരുന്നു. ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ് നൽകിയും അവർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചും വരുന്നു. ഖാദി മേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കെൽപാം എന്നിവയും സഹകരണ സ്ഥാപനമായ സുരഭിക്കും അടിസ്ഥാന സൗകര്യ വികസനം, ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ്, തൊഴിലധിഷ്ഠിത വൈദഗ്ദ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു. കരകൗശല മേഖലയിലെ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ കേരള കരകൗശല വികസന കോർപ്പറേഷൻ ന്യായവില നൽകി ശേഖരിച്ച് വിപണനം നടത്തിവരുന്നു.

തൊഴിലാളികൾക്ക് സ്കിൽ അപ്ഗ്രഡേഷൻവഴി കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ നടപടികളിലൂടെ കരകൗശല തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം, തൊഴിലുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുള്ള സാമ്പത്തിക സഹായം, നിശ്ചിത വരുമാനം, തൊഴിലധിഷ്ഠിത വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കൽ എന്നിവ ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനും അവയെ പുനരുദ്ധരിക്കുന്നതിനും സർക്കാർ ക്രിയാത്മകമായ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി പഠനം നടത്തുവാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. പരമ്പരാഗത കൈത്തറി മേഖലയിലെ ഹാന്റക്സ്, ഹാൻവീവ്, പ്രൈമറി കൈത്തറി സംഘങ്ങൾ എന്നിവയുടെ കടബാധ്യതകൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക, കുടിശ്ശികയില്ലാതെ റിബേറ്റ് വിതരണം ചെയ്യുക, റിബേറ്റ് ദിനങ്ങളുടെ എണ്ണം 101 ആയി വർദ്ധിപ്പിക്കുക, കുറഞ്ഞ വരുമാനമുള്ള സംഘങ്ങൾക്ക്

മാനേജീരിയൽ ഗ്രാന്റ് നൽകുക, പ്രാഥമിക കൈത്തറി സംഘങ്ങളെ ആഡിറ്റ് ഫീസിൽ നിന്നും ഒഴിവാക്കുക, സർക്കാർ ഓഹരി പങ്കാളിത്തത്തിന്റെ തോത് വർദ്ധിപ്പിക്കുക, സർക്കാർ വായ്പയ്ക്ക് പലിശ നിരക്ക് കുറയ്ക്കുക, ബാങ്ക് നൽകുന്ന പ്രവർത്തന മൂലധന വായ്പയ്ക്ക് ഈടാക്കുന്ന പലിശയ്ക്ക് സർക്കാർ സബ്സിഡി നൽകുക എന്നീ ശുപാർശകൾ സമർപ്പിച്ചിരുന്നു. കൈത്തറി മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ വില കുറയ്ക്കുവാനും അവയുടെ ദൗർലഭ്യം പരിഹരിക്കുവാനും കൈത്തറി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുവാൻ കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. കൈത്തറി ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും ആകർഷണത്വം വർദ്ധിപ്പിക്കുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കമ്മിറ്റി ചില നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരുന്നു. കൈത്തറി മേഖലയിൽ സർക്കാർ ധനസഹായം കൈത്തറി സഹകരണ സംഘങ്ങൾവഴി നൽകണമെന്നും കൈത്തറി മേഖലയുടെ വളർച്ചയ്ക്കായി ഒരു വകുപ്പ് രൂപീകരിക്കണമെന്നും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ ശക്തമായ നടപടി എടുക്കണമെന്നും കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. ഖാദി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുവാൻ ശ്രീ. പി. ഗോപിനാഥൻ നായർ ചെയർമാനായി സമിതിയെ നിയോഗിച്ചിരുന്നു. റിപ്പയർ ചെയ്യാവുന്ന മുഴുവൻ തൊഴിലുപകരണങ്ങളും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുവാനും അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനായി വൈദ്യുതിയോ മറ്റ് ഊർജ്ജ സ്രോതസ്സുകളോ ഉപയോഗപ്പെടുത്തുവാനും വൈദ്യുതിയുടെ പൂർണ്ണസഹായത്തോടെ പ്രവർത്തിക്കുന്നതും എട്ട് മണിക്കൂർ കൊണ്ട് 100-120 കഴിനൂൽ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നതുമായ പുതിയ ചർക്കയുണ്ടാക്കി പരീക്ഷണാർത്ഥം ഓരോ ജില്ലയിലും 50 ചർക്കയുടെ ഒരു യൂണിറ്റ് എന്ന തോതിൽ പ്രവർത്തിപ്പിക്കുവാനും ഇവയുടെ പ്രവർത്തനം വിലയിരുത്തി കാര്യക്ഷമമെന്ന് കണ്ടാൽ വിപുലമായ തോതിൽ യൂണിറ്റുകൾ ആരംഭിക്കുവാനും നിലവിലുള്ള നിർവ്വചനത്തിനും നിയമത്തിനും ആവശ്യമായ ഭേദഗതികൾ വരുത്തുവാനും നെയ്ത്തുകാർക്ക് റെഡിമെയ്ഡ് പാവ് നൽകുന്നതിനായി 200 മിനി റെഡിമെയ്ഡ് പാവ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുവാനും ഉൽപ്പാദനക്ഷമത കൂടിയ 3700 സെ.മീ. ആട്ടോമാറ്റിക് തറികൾകൂടി സ്ഥാപിക്കുവാനും വിൽപ്പനശാലകൾ ആകർഷകമാക്കുവാനും പ്രധാനമായും ശിപാർശ ചെയ്തിരുന്നു. പഠന റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly